പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1893**

16-02-2016 – ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എത്ര പേർക്ക് എത്ര തുക കടാശ്വാസമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂന്ന് മുതൽ എട്ടു വരെ ഘട്ടങ്ങളിലായി 13150 മത്സ്യത്തൊഴിലാളികൾക്ക് നാളിതു വരെ 84.06 കോടി രൂപയുടെ കടാശ്വാസമാണ് ശുപാർശ ചെയ്തിട്ടുള്ളത്. ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അപേക്ഷകളുടെ പരിഗണനക്കായി എത്ര പ്രാവശ്യം സിറ്റിംഗ് നടത്തിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ടെന്നും ഇനിയും പരിഗണിക്കാത്ത എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും വിശദമാക്കുമോ? | ബി) | മത്സ്യത്തൊഴിലാളികൾക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31/12/2007 വരെ എടുത്തിട്ടുള്ള വായ്പകളിൻമേൽ കടാശ്വാസം ശുപാർശ ചെയ്യുന്നതിലേക്കായി വിവിധ ജില്ലകളിലായി ഇതു വരെ കമ്മീഷൻ 209 സിറ്റിംഗ് നടത്തുകയും 1,29,691 അപേക്ഷകൾ പരിശോധിക്കുകയും ചെയ്തു. സിറ്റിംഗിൽ പരിശോധിച്ച അപേക്ഷകളിൽ 72,639 കടങ്ങളിൽ കടാശ്വാസത്തിന് അർഹത കണ്ടെത്തുകയും ആയത് കടാശ്വാസത്തിനായി ശുപാർശ ചെയ്ത് 8 ഘട്ടങ്ങളിലായി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടു ണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ രേഖകൾ ലഭ്യമാക്കിയവയിൽ സ്വകാര്യ വ്യക്തികളിൽ നിന്നും, സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത മത്സ്യത്തൊഴിലാളികളുടെ അപേക്ഷകൾ മാത്രമേ ഇനിയും പരിഗണിക്കാനുള്ളു. |

Jeyaram

**സെക്ഷൻ ഓഫീസർ**